Draft #11 of File 69848/AD A5-1/2020/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 31-May-2024 03:30 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - സർവ്വകലാശാല ലൈബ്രറി - ശ്രീ.ബിജു ഫിലിപ്പ് , അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I വിരമിക്കുന്നത് മൂലം ഉണ്ടാകുന്ന സർവ്വകലാശാല ലൈബ്രറി വിഭാഗത്തിലെ ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം,സ്ഥലംമാറ്റം നൽകുന്നത് - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 4575/AD A 5/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 31.05.2024

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നമ്പർ 6037/89 /AD A V (1) തീയതി 09.08.2001
2. സർവ്വകലാശാല ഉത്തരവ് നമ്പർ 4117/ A V -1/2013/ ഭരണം തീയതി 19.07.2013
3. സർവ്വകലാശാല ഉത്തരവ് നമ്പർ 6172/എ5/1/2018/ഭരണം തീയതി 14.08.2018
4. സർവ്വകലാശാല ഉത്തരവ് നമ്പർ 381/AdAV 1/5732/2008 തീയതി 27.01.2011
5. GO(P) No 42/2010 P&ARD തീയതി 20.12.2010

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം സർവ്വകലാശാല ലൈബ്രറിയിലെ റഫറൻസ് അസിസ്റ്റന്റ്, ടെക്നിക്കൽ അസിസ്റ്റന്റ്, ലൈബ്രറി അസിസ്റ്റന്റ് തസ്തികകളിലെ ജീവനക്കാരുടെ എണ്ണം 3:5:4 അനുപാതത്തിൽ 12:21:18 വീതമായി നിശ്ചയിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റങ്ങൾ നൽകിയിട്ടുള്ളതുമാണ്.

ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ലൈബ്രറി ജീവനക്കാരുടെ ഉദ്യോഗപ്പേര് പുനർനാമകരണം ചെയ്യുന്നതിന് നിർദ്ദേശമുണ്ടായിരുന്നെങ്കിലും ആയത് ഈ സർവ്വകലാശാലയിൽ നടപ്പാക്കിയിട്ടില്ലാത്തതിനാൽ 04.06.2013 ൽ ചേർന്ന സിൻഡിക്കേറ്റ് യോഗനടപടിക്കുറിപ്പ് ഇനം 127/13.05/6399 നമ്പർ തീരുമാനപ്രകാരം സർവ്വകലാശാല ലൈബ്രറി വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റം ഗവൺമെന്റിന്റെ അന്തിമ ഉത്തരവിന് വിധേയമായി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും, ആയത് പ്രകാരം പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും അതിൻപ്രകാരം സ്ഥാനക്കയറ്റങ്ങൾ നൽകി പോന്നിട്ടുള്ളതുമാണ്. കൂടാതെ ടെക്നിക്കൽ അസിസ്റ്റന്റ്, ലൈബ്രറി അസിസ്റ്റന്റ് തസ്തികകളിലെ ജീവനക്കാരുടെ റഫറൻസ് അസിസ്റ്റന്റ്,ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലേക്കുള്ള താൽക്കാലിക സ്ഥാനക്കയറ്റം സംബന്ധിച്ച് 09.08.2018 ൽ ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റിന്റെ യോഗനടപടിക്കുറിപ്പ് ഉപ ഇനം 17/18.06/O.A.I നമ്പർ തീരുമാനപ്രകാരം സർക്കാർ അംഗീകാരത്തിന് വിധേയമായി ലൈബ്രറി ജീവനക്കാരുടെ താൽക്കാലിക സ്ഥാനക്കയറ്റം നടപ്പാക്കുന്നതിനും, ലൈബ്രറി ജീവനക്കാരുടെ തസ്തികകളുടെ പേര് മാറ്റം സംബന്ധിച്ച് ഓർഡിനൻസ് ഭേദഗതിചെയ്യുവാൻ തീരുമാനിക്കുകയും ആയത് പ്രകാരം പരാമർശം (3) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും അതിൻപ്രകാരം സ്ഥാനക്കയറ്റങ്ങൾ നൽകി പോന്നിട്ടുള്ളതുമാണ്.

ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് തസ്തികകൾ നിലവിലുള്ള ജീവനക്കാർക്കായി നിജപ്പെടുത്തിയിട്ടുള്ളതും തുടർന്ന് അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റങ്ങൾ യു.ജി.സി.യോഗ്യത ഉള്ളവർക്കായി മാത്രം നൽകുന്നതിന് ഉത്തരവായിരുന്നതുമാണ്. എന്നാൽ 03.11.2010 ന് ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് മിനിറ്റ്സ് ഇനം 87/10.07/3711 നം തീരുമാനപ്രകാരം സർവ്വകലാശാല ലൈബ്രറിയിലെ അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II -ൽപ്പെട്ട 05 തസ്തികകൾ യു.ജി.സി സ്കീം നടപ്പാക്കുന്നതിന് മുൻപ് ഉണ്ടായിരുന്നതിന് സമാനമായി അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I തസ്തികകളാക്കുന്നതിന്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തീരുമാനിക്കുകയും, അതിൻ പ്രകാരം സർവ്വകലാശാല ലൈബ്രറിയിലെ ജീവനക്കാർക്ക് അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

സർവ്വകലാശാല ലൈബ്രറി വിഭാഗത്തിലെ ജീവനക്കാരനായ ശ്രീ.ബിജു ഫിലിപ്പ്, അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I, 2024 മെയ് 31 അപരാഹ്നം സേവനത്തിൽ നിന്ന് വിരമിക്കുന്നത് മൂലം സർവ്വകലാശാല ലൈബ്രറി വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് 01.06.2024 പൂർവാഹ്നം പ്രാബല്യത്തിൽ താഴെ പറയുന്നവിധം സ്ഥാനക്കയറ്റങ്ങളും ജോലി ക്രമീകരണ വ്യവസ്ഥയിൽ സ്ഥലം മാറ്റങ്ങളും നടപ്പാക്കി വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രൊഫസർ ഉത്തരവായിരിക്കുന്നു.

| ക്രമ.നം | പേരും തസ്തികയും | സ്ഥാനക്കയറ്റ തസ്തിക ശമ്പള നിരക്ക് | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമനം നൽകുന്ന സെക്ഷൻ |
|---|---|---|---|---|
| 1 | ശ്രീമതി. ധിജീത രവീന്ദ്രൻ, അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II | അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I 59300 - 120900 | ശ്രീ.ബിജു ഫിലിപ്പ്, അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I തസ്തികയിൽ നിന്ന് 31.05.2024 തീയതിയിൽ വിരമിക്കുന്നത് മൂലം ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് | നിലവിൽ ജോലി ചെയ്യുന്ന ടെക്നിക്കൽ വിഭാഗത്തിൽ സെക്ഷൻ ഹെഡ് ആയി തുടരാൻ അനുവദിക്കുന്നു. |
| 2 | ശ്രീ. ഷിജു ദാസ് സി ഡി, റഫറൻസ് അസിസ്റ്റന്റ് | അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II 55200 - 115300 | അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II ആയ ശ്രീമതി. ധിജീത രവീന്ദ്രൻ-ന് സ്ഥാനക്കയറ്റം ലഭിക്കുന്നത് മൂലമുണ്ടാകുന്ന ഒഴിവിലേക്ക് | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ് സ്റ്റഡീസ് ലൈബ്രറിയിൽ നിന്നും സ്കൂൾ ഓഫ് ലെറ്റേഴ്സ് ലൈബ്രറിയിലേക്ക് മാറ്റി നിയമിക്കുന്നു. |
| 3 | ശ്രീമതി. സൗമ്യ കെ എസ് , ടെക്നിക്കൽ അസിസ്റ്റന്റ് | റഫറൻസ് അസിസ്റ്റന്റ് 50200 - 105300 | റഫറൻസ് അസിസ്റ്റന്റ് ആയ ശ്രീ. ഷിജു ദാസ് സി ഡി -ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നത് മൂലമുണ്ടാകുന്ന ഒഴിവിലേക്ക് | നിലവിൽ ജോലി ചെയ്യുന്ന പീരിയോഡിക്കൽ സെക്ഷനിൽ തുടരാൻ അനുവദിക്കുന്നു |

1. സർക്കുലേഷൻ വിഭാഗത്തിലെ സെക്ഷൻ ഹെഡ് ആയ ശ്രീ.ബിജു ഫിലിപ്പ്, അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I, 31.05.2024 തീയതിയിൽ വിരമിക്കുന്ന സാഹചര്യത്തിൽ ET & D സെക്ഷനിലെ അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II ആയ ശ്രീ.ജോസ് മാത്യു -നെ സർക്കുലേഷൻ വിഭാഗം സെക്ഷൻ ഹെഡ് ആയി മാറ്റി നിയമിക്കുന്നു.

| ക്രമ.നം | പേരും തസ്തികയും | നിലവിൽ ജോലി ചെയ്യുന്ന സെക്ഷൻ/ ഡിപ്പാർട്ട്മെന്റ് | മാറ്റി നിയമിക്കുന്ന സെക്ഷൻ/ ഡിപ്പാർട്ട്മെന്റ് |
|---|---|---|---|
| 2 | ശ്രീമതി. സരിത ആർ, അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II | സ്കൂൾ ഓഫ് ലെറ്റേഴ്സ് ലൈബ്രറി | പീരിയോഡിക് സെക്ഷൻ |

Draft #11 of File 69848/AD A5-1/2020/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 31-May-2024 03:30 PM - Page 2

| | | | |
|---|---|---|---|
| | | | |
| 3 | ശ്രീമതി. സൂസൻ ചാക്കോ, അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II | സ്കൂൾ ഓഫ് പ്യൂർ & അപ്ലൈഡ് ഫിസിക്സ് ലൈബ്രറി | ടെക്നിക്കൽ സെക്ഷൻ |
| 4 | ശ്രീമതി. വിജിത കെ ജി, ടെക്നിക്കൽ അസിസ്റ്റന്റ് | ടെക്നിക്കൽ സെക്ഷൻ | സ്കൂൾ ഓഫ് പ്യൂർ & അപ്ലൈഡ് ഫിസിക്സ് ലൈബ്രറി |
| 5 | ശ്രീമതി.സിനി ഇ എം, ടെക്നിക്കൽ അസിസ്റ്റന്റ് | ടെക്നിക്കൽ സെക്ഷൻ | സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ് സ്റ്റഡീസ് ലൈബ്രറി |

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിന് പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ.

പരാമർശം (5) ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010 നോ അതിന് ശേഷമോ സ്ഥാനക്കയറ്റം / സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിന് ഒഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ സേവനകാലാവധിക്കുള്ളിൽ ആറ് മാസം എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥന് ഒരു വർഷത്തെ തുടർച്ചയായ സർവീസിനിടെ 6 മാസക്കാലത്തെ സേവനകാലം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിന് സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷൈലജ ടി കെ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
2. യൂണിവേഴ്സിറ്റി ലൈബ്രേറിയൻ ഇൻ-ചാർജ്ജ്
3. ബന്ധപ്പെട്ട വകുപ്പ് മേധാവിമാർ
4. വൈസ് ചാൻസലറുടെയും, പ്രൊ വൈസ് ചാൻസലറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
5. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എമാർ
6. എ.ആർII (ഭ.വി)/ഡി.ആർ II(ഭ.വി) /ജെ.ആർ I (ഭ.വി)
7. ഐ.ക്യൂ.എ.സി/ ഐ.ടി.സെൽ 1 / പി.ആർ.ഒ സെക്ഷൻ
8. ജോയിന്റ് ഡയറക്ടർ,കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
9. ജനറൽ ക്യാഷ്/ഫിനാൻസ് I/ഫിനാൻസ് II /എ ഡി സി IV /എ ഡി സി V / എഫ്.സി.സി
10. റെക്കോർഡ്സ് സെക്ഷൻ/കരുതൽ ഫയൽ/ഫയൽ കോപ്പി

Draft #11 of File 69848/AD A5-1/2020/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 31-May-2024 03:30 PM - Page 3
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം